DCKLM/4868/2020-DM3

കളക്ടറേറ്റ്, കൊല്ലം
ഇ_മെയിൽ-: dmdkollam@gmail.com
C19kollam@gmail.com
ഫോൺ :0474 2794002 , ഫാക്സ് : 0474 2794004
ടോൾ ഫ്രീ-1077
തീയതി. 21.05.2020

ജില്ലാ കളക്ടർ,
കൊല്ലം

പ്രിൻസിപ്പൽ സെക്രട്ടറി,
ദുരന്തനിവാരണം
തിരുവനന്തപുരം

സർ,

വിഷയം : ദുരന്തനിവാരണം-മഴക്കാലമുന്നൊരുക്കം- യേഗങ്ങൾ ചേർന്നത് - നടപടിക്രമവും മിനിട്സ് എന്നിവ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : ഗവൺമെന്റിന്റെ 13.05.2020-ലെ ഡി.എം.എ2/238/2018/ഡി.എം.ഡി നമ്പർ കത്ത്

സൂചന കത്തിലേക്ക് സവിനയം ശ്രദ്ധ ക്ഷണിക്കുന്നു. നിർദ്ദേശാനുസരണം മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം 13.05.2020 നും മഴക്കാല പൂർവ്വ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് ഒരോ വകുപ്പും സ്വീകരിക്കേണ്ട പൊതു നിർദ്ദേശങ്ങൾ ഹാന്റ് ബുക്ക് ഓൺ ഡിസാസ്റ്റർ മാനേജ്മെന്റ് വാല്യം 2ൽ പ്രതിപാദിക്കുന്ന രീതിയിൽ 16.05.2020 നും യോഗം ചേരുകയുണ്ടായി. ആയവയുടെ മിനിട്സും, ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം താലൂക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള നടപടിക്രമവും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

വിശ്വസ്തതയോടെ
ഒപ്പ്/-
ജില്ലാ കളക്ടർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി കളക്ടർ
(ജനറൽ)



Scanned with CamSc

DCKLM/4868/2020-DM3

കളക്ടറേറ്റ്, കൊല്ലം
തിയ്യതി: 14/05/2020
ഫോൺ: 0474- 2794002
ഇമെയിൽ: dmdkollam@gmail.com

---

**മഴക്കാല പൂർവ ഒരുക്കവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 13.05.2020 ന് 4.00 മണിക്ക് കൂടിയ ജില്ലാ ദുരന്തനിവാരണ അതോറിറ്റി അവലോകന യോഗത്തിന്റെ മിനിട്സ്.**

---

കോവിഡ് 19 ന്റെ പശ്ചാതലത്തിൽ മഴക്കാല പൂർവ്വ ഒരുക്കവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വീഡിയോ കോൺഫറൻസ് മുഖേനയാണ് നടത്തിയത്. മഴക്കാലത്ത് ഉണ്ടായേക്കാവുന്ന സാംക്രമിക രോഗങ്ങളെ കുറിച്ചും അതൊഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ ചെയ്യണമെന്നും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തണമെന്നും ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ ആമുഖമായി അറിയിക്കുകയും യോഗത്തിൽ പങ്കെടുത്ത എല്ലാ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങളേയും മറ്റ് ഉദ്യോഗസ്ഥരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

മഴക്കാലത്തിനു മുൻപ് കുളം, നദി, തോട്, ഓടകൾ എന്നിവ വൃത്തിയാക്കി ഒഴുക്ക് സുഗമമാക്കണം. മാലിന്യ സംസ്കരണത്തിന് കഴിയുന്നത്ര ജനവാസമില്ലാത്ത സ്ഥലം കണ്ടെത്തി നടപടി സ്വീകരിക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി. പൊതുനിരത്തുകളിൽ മാലിന്യം തള്ളുന്നത് ഉൾപ്പെടെയുള്ള അനരോഗ്യകരമായ പ്രവർത്തനങ്ങൾ തടയാൻ ജാഗ്രതയോടെ പ്രവർത്തിക്കണം ആവശ്യമെങ്കിൽ പോലീസിന്റെ സഹായം തേടാം. വാർഡ് തലത്തിൽ ശുചിത്വ സ്ക്വാഡുകൾ പ്രവർത്തനം വിപുലപ്പെടുത്തണം. വാർഡ്തല ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ആരോഗ്യ വകുപ്പിന്റേയും ജില്ലാ ശുചിത്വമിഷന്റേയും ആഭിമുഖ്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഉൾക്കൊള്ളിച്ച് വാർഡ് തലത്തിൽ യോഗം ചേരണം എന്നീ നിർദ്ദേശങ്ങൾ ചെയർമാൻ നൽകുകയുണ്ടായി.

മഴക്കാല മുന്നൊരുക്ക ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടേയും മറ്റ് വകുപ്പ് മേധാവികളുടെയും യോഗം 16.05.2020 ന ചേരുവാൻ തീരുമാനിച്ചതായി യോഗത്തിൽ അറിയിക്കുകയുണ്ടായി.

ഡാമുകളുമായി ബന്ധപ്പെട്ട കല്ലട, പരപ്പാർ ഡാമുകളുടെ വിവരങ്ങൾ ജില്ലാ കളക്ടർ ആരായുകയുണ്ടായി.



Scanned with CamSc

- കല്ലട ഇറിഗേഷൻ പ്രൊജക്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡാം എഞ്ചിനീയർ ഇൻ ചാർജ് , മെക്കാനിക്കൽ ടീം എന്നിവരോടൊപ്പം 07.05.2020 ഡാം സന്ദർശിച്ച് ഗേറ്റുകൾ, ഡിസ്പെർസൽ വാൽവുകൾ റിവർ സ്ലൂയിസ് (River Sluice) തുടങ്ങിയവ പരിശോധിച്ചു. മൂന്നാമത്തെ ഗേറ്റിനു ചെറിയ സാങ്കേതിക പ്രശ്നം ശ്രദ്ധയിൽപ്പെട്ടത് 15.05.2020 നു അറ്റകുറ്റ പണികൾ നടത്തുവാൻ നിശ്ചയിച്ചു. ഡാമിന്റെ ജലനിരപ്പ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ദിനം പ്രതി നിരീക്ഷിച്ചു വരുന്നതുമായി KIP എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.
- പരപ്പാർ ഡാമിൻറെ അടിയന്തര സാഹചര്യങ്ങൾ നേരിടുവാനുള്ള എമർജൻസി ആക്ഷൻ പ്ലാൻ അംഗീകാരത്തിനായി സെൻട്രൽ വാട്ടർ കമ്മിൻഷന് സമർപ്പിച്ചതായി അറിയിച്ചു.
- മഴക്കാല പൂർവ്വ മുന്നൊരുക്കവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മറ്റ് നിർദ്ദേശങ്ങളും നൽകുകയുണ്ടായി
- മൺസൂൺ ആഗതമാകുന്ന സന്ദർഭം കണക്കിലെടുത്ത് അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുവാനുംഅഥവാ ശിഖരങ്ങൾ മുറിച്ചു മാറ്റുവാനും പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകി.
- മഴക്കാല രോഗങ്ങൾ തടയുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ DMO മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുവാൻ ആവശ്യമായ നിർദേശങ്ങൾ DDE മാർക്ക് ചുമതലനൽകിയിട്ടുണ്ട്.
- 24.12.2019ലെ സ ഉ(സാധാ) 3880/2019/RD പ്രകാരം പ്രളയാവശിഷ്ടങ്ങൾ അടിഞ്ഞുകൂടിയ നദികളിൽ നിന്നും അവ നീക്കം ചെയ്ത് അവയിൽ കൂടുതൽ പ്രളയജലം ഉൾക്കൊള്ളാൻ തക്കവണ്ണം നടപടികൾ സ്വീകരിക്കാൻ ദുരന്ത നിവാരണ നിയമപ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൺസൂണിന് മുൻപായി പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശം നൽകി.
- രക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ ജെ സി ബി,ഹിറ്റാച്ചി മെഷീൻ മുതലായവയും ആവശ്യമായ വാഹനങ്ങളും സജ്ജമാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി.
- ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിടങ്ങൾ ഇതിനകം കണ്ടെത്തിയിട്ടുള്ളതായി അതത് തഹസിൽദാർമാർ അറിയിക്കുകയുണ്ടായി



Scanned with CamSc

യോഗം കൃത്യം 6.00 മണിക്ക് അവസാനിച്ചു.

ഒപ്പ്/–
ചെയർമാൻ,
ജില്ലാ ദുരന്തനിവാരണ അതോറിറ്റി & ജില്ലാ കളക്ടർ

- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കൊല്ലം
- ജില്ലാ പോലീസ് മേധാവി, കൊല്ലം സിറ്റി / കൊല്ലം റൂറൽ
- ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം
- ജില്ലാ ഫയർ ഓഫീസർ, കൊല്ലം
- ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കൊല്ലം
- ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
- ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, കൊല്ലം
- റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊല്ലം
- സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം
- സെക്രട്ടറി, കോർപ്പറേഷൻ, കൊല്ലം
- സെക്രട്ടറി, മുനിസിപ്പാലിറ്റി, പരവൂർ / കൊട്ടാരക്കര / കരുനാഗപള്ളി / പുനലൂർ
- എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിടം /റോഡ്സ് / നാഷണൽ ഹൈവേ
- തഹസിൽദാർ, കൊല്ലം / കൊട്ടാരക്കര / പുനലൂർ / കരുനാഗപള്ളി / പത്തനാപുരം / കുന്നത്തൂർ

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്
(ദുരന്ത നിവാരണം)



Scanned with CamSc

DCKLM/4868/2020-DM3

കളക്ടറേറ്റ്, കൊല്ലം
തിയ്യതി: 21/05/2020
ഫോൺ: 0474- 2794002
ഇമെയിൽ: dmdkollam@gmail.com

---

മഴക്കാല പൂർവ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് ബഹു. ഫിഷറീസ് തുറമുഖ വകുപ്പ് മന്ത്രി ശ്രീമതി.മേഴ്സികുട്ടിയമ്മയുടെ സാന്നിദ്ധ്യത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന്റെ അധ്യക്ഷതയിൽ 16.05.2020 ന് 11.00 മണിക്ക് കൂടിയ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിന്റെ മിനിട്സ്.

---

തെക്കുപടിഞ്ഞാറൻ കാലവർഷം ആഗതമാകുന്ന സാഹചര്യത്തിൽ മൺസൂൺ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ യോഗം വിളിച്ചുകൂട്ടണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ 2020 മേയ് മാസം 16-)0 തീയതി ഇത്തരത്തിൽ കൊല്ലം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം വിളിച്ചുകൂട്ടി. ടി യോഗത്തിലേക്ക് കൊല്ലം ജില്ലയുടെ ചുമതലയുള്ള ബഹു.ഫിഷറീസ് തുറമുഖ വകുപ്പ് മന്ത്രി ശ്രീമതി.ജെ.മേഴ്സിക്കുട്ടിയമ്മയേയും മറ്റ് വകുപ്പുകളുടെ ജില്ലാതല മേധാവികളേയും വിശേഷ സാഹചര്യം മുൻ നിർത്തി പ്രത്യേക ക്ഷണിതാക്കളായി വിളിച്ചിരുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങളും ജില്ലാ തല മേധാവികളും കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് യോഗത്തിൽ സംബന്ധിക്കുകയും നേരിട്ട് ഹാജരാകാൻ കഴിയാത്തവരെ വീഡിയോ കോൺഫറൻസ് വഴി പങ്കെടുക്കാനും അനുവദിച്ചിരുന്നു.

**യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ.അബ്ദുൾനാസർ, ഐ.എ.എസ് ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, കൊല്ലം
2. ശ്രീമതി സി.രാധാമണി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് & കോ ചെയർ പേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി.
3. ശ്രീ.പി.ആർ.ഗോപാലകൃഷ്ണൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. ജില്ലാ ദുരന്തനിവാരണ അതോറിറ്റി, കൊല്ലം
4. ഡോ. കെ.ശശി, ജില്ലാ സപ്ലൈ ഓഫീസർ -2
5. ഡോ.പ്രവീൺ.യു, അസിസ്റ്റന്റ് സർജ്ജൻ
6. ശ്രീ.ബൈജു, ജില്ലാ ഫയർ ഓഫീസർ, കൊല്ലം



Scanned with CamSc

7. ശ്രീകുമാർ വി.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
8. ശ്രീ.അനന്തു പി.ജി, ഇൻഫർമേഷൻ അസിസ്റ്റന്റ്, ടൂറിസം ഡിപ്പാർട്ട്മെന്റ്
9. ശ്രീ.സുനിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, കൊല്ലം
10. ശ്രീ.ടെസ്സിമോൻ കെ.കെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കല്ലട ഇറിഗേഷൻ പ്രൊജക്റ്റ്, കൊട്ടാരക്കര
11. ശ്രീ.നൗഷർ ഖാൻ, എ.ഡി.എഫ്, ഫിഷറീസ്, കൊല്ലം
12. ശ്രീ.ഷിജു.എസ്, ഡെപ്യൂട്ടി ആർ.എഫ്.ഒ, വനശ്രീ.
13. ശ്രീമതി ഗീതകുമാരി പി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കൊല്ലം
14. ഡോ.സുജ റ്റി നായർ, ഡെപ്യൂട്ടി ഡയറക്ടർ, ഡി.എ.എച്ച്.ഒ, കൊല്ലം
15. ശ്രീമതി.സുജാത എൻ, എച്ച.കെ.എം., കൊല്ലം
16. ഡോ.ശോഭ.എസ്, സൂപ്രണ്ട്, ജി.എച്ച്.എച്ച് കൊല്ലം
17. ശ്രീ.ജെ.താജുദ്ദീൻ കുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ കമ്മീഷണർ
18. ശ്രീ.എസ്.വിനോദ് മോഹൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കല്ലട ഇറിഗേഷൻ പ്രൊജക്റ്റ്, കൊല്ലം
19. ശ്രീ.എ.നദീർ, എക്സിക്യൂട്ടീവ് എഞ്ചിനീയര്, ഇറിഗേഷൻ, കൊല്ലം
20. ശ്രീ.സന്തോഷ് കുമാർ.റ്റി.എസ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കൊട്ടാരക്കര
21. ശ്രീ.എസ്.പ്രസന്നകുമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കൊല്ലം
22. ശ്രീ.എ.ജി.സന്തോഷ്, ഡി.എം.സി., കുടുംബശ്രീ
23. ശ്രീ.വി.കെ.ഹോടീസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എച്ചി.ഇ.ഡി, കൊല്ലം
24. ശ്രീ.സജീവ് കുമാർ, ജെ.പി., എ.സി.എഫ്, എസ്.െഎ.പി. ,കൊല്ലം
25. ശ്രീ.കിരൺ റാം, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം
26. ശ്രീ.ഹരികുമാർ സി.ജി, ആർ.ഡി.ഒ, കൊല്ലം
27. ശ്രീ.ഷാജി മാത്യു, സീനിയർ സൂപ്രണ്ട്. വിദ്യാഭ്യാസ വകുപ്പ്, കൊല്ലം
28. ശ്രീ.രതീഷ്.എ, ഓച്ചിറ ബ്ലോക്ക്
29. ശ്രീ.സി.ദേവരാജൻ, ഡെപ്യൂട്ടി തഹസിൽദാർ, കൊല്ലം
30. ശ്രീ.റ്റിജു റേച്ചൽ തോമസ്, ജില്ലാ െഎ.സി.ഡി.എസ് സെൽ
31. ശ്രീ.കെ.എ.ജയ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൻ.എച്ച്. ഡിവിഷൻ, കൊല്ലം
32. ശ്രീ.ആർ.രാജീവ് കുമാർ, എച്ച്.സി, ജില്ലാ സപ്ലൈ ഓഫീസ്, കൊല്ലം
33. ശ്രീമതി.എ.ബിന്ദു, ജില്ലാ ലേബർ ഓഫീസർ, കൊല്ലം
34. ശ്രീ.അനിൽ കുമാർ.എം., എ.സി.പി, ഡി.സി.ആർ.ബി

Scanned with CamSc

35. ശ്രീ.അനിൽ ഫിലിപ്പ്, സ്പെഷ്യൽ തഹസിൽദാർ, എൽ.എ നം.1. കൊല്ലം
36. ശ്രീ.സന്തോഷ് കുമാർ.എ, ജൂനിയർ സൂപ്രണ്ട്. താലൂക്കാഫീസ്, കൊല്ലം
37. ശ്രീ.ആർ.രാജീവ്, ആർ.റ്റി.ഒ, കൊല്ലം
38. ശ്രീ.നാരായണൻ.റ്റി. ഐ എ.പി.എസ്, കൊല്ലം സിറ്റി
39. ശ്രീ.ഹരിശങ്കർ, ഐ.പി.എസ്, കൊല്ലം റൂറൽ
40. ഡോ.ആർ.സന്ധ്യ, ഡെപ്യൂട്ടി ഡി.എം.ഒ
41. ശ്രീകുമാർ.എസ്, ഡി.ഇ.എം.ഒ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
42. ശ്രീ.കെ.പ്രസാദ്, സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം
43. ശ്രീ.സുനിൽ കുമാർ.കെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി
44. ശ്രീ.ബിനുൻ വാഹിദ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

യോഗത്തിൽ പങ്കെടുക്കാനെത്തിയവരെ സ്വാഗതം ചെയ്തുകൊണ്ട് മഴക്കാലത്തിന് മുൻപായുണ്ടായ കനത്ത വേനൽ മഴ ജില്ലയിൽ ഡെങ്കിപ്പനി പടരാനുള്ള സാഹചര്യം സംജാതമാക്കിയിരിക്കുന്നുവെന്നും. ഈ സാഹചര്യത്തിൽ ഡെങ്കിപ്പനി പരത്തുന്ന കൊതുകുകളുടെ പ്രജനനം തടയുന്നതിനായി വെള്ളം കെട്ടി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ഒഴിവാക്കേണ്ടതാണെന്നും, ഓട വൃത്തിയാക്കൽ, ഹാർബറുകളിൽ മാലിന്യം കെട്ടി കിടക്കുന്നത് നീക്കം ചെയ്യൽ എന്നിവയും എത്രയും വേഗം ചെയ്യേണ്ടതാണെന്നും ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ ആമുഖമായി പറഞ്ഞുകൊണ്ട് യോഗത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്തു. തുടർന്ന് സംസാരിക്കാനായി ബഹു. ഫിഷറീസ് തുറമുഖ വകുപ്പ് മന്ത്രിയെ ക്ഷണിച്ചു.

<u>ബഹു.ഫിഷറീസ് തുറമുഖ വകുപ്പ് മന്ത്രി</u> :- മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി വേനൽ മഴ നീണ്ടു നിൽക്കുന്നു. ആയതിന്റെ തുടർച്ചയെന്നവണ്ണമായി ജില്ലയിൽ ഡെങ്കുവും എലിപ്പനിയും റിപ്പോർട്ട് ചെയ്യപ്പെടുന്നു. കൊല്ലത്തിന്റെ കിഴക്കൻ മേഖലകളായ പ്ലാന്റേഷൻ മേഖലയിലും പടിഞ്ഞാറൻ തീരദേശങ്ങളിലും മറ്റും മാലിന്യം കെട്ടി കിടന്ന് അവിടെയെല്ലാം ഡെങ്കു പടരാനുള്ള സാഹചര്യം രൂപപ്പെടുന്നു. ഈ സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതത് പ്രദേശത്തെ എല്ലാ വീടുകളും പരിസരങ്ങളും പൊതുസ്ഥലങ്ങളും മാലിന്യ രഹിതമായി സൂക്ഷിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന് ആരോഗ്യപ്രവർത്തകരുടെ സേവനം ഉറപ്പുവരുത്തേണ്ടതുമാണ്. പ്ലാന്റേഷൻ മേഖലയിൽ റബ്ബർമരത്തിൽ സ്ഥാപിച്ചിട്ടുള്ള മറക്കുട, ചിരട്ട എന്നിവയിൽ വെള്ളം കെട്ടി നിൽക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തണം. പള്ളിത്തോട്ടം മുതൽ തങ്കശ്ശേരി വരെ താമസിക്കുന്ന മൂവായിരത്തി അഞ്ഞൂറോളം പേർ മാലിന്യം



Scanned with CamSc

നിക്ഷേപിക്കുന്നത് ഹാർബർ മേലലകളിലാണ്. ആയത് പൂർണ്ണമായും നീക്കം ചെയ്യുന്നതിന് കൊല്ലം കോർപ്പറേഷൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. മാലിന്യ സംസ്കരണത്തിന് ദീർഘകാല പദ്ധതി തയ്യാറാക്കേണ്ടതും ആയത് സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതുമാണ്. ഹാർബറിൽ ഒരു ഗേറ്റ് മാത്രം സ്ഥാപിച്ച് മാലിന്യം നിക്ഷേപിക്കാത്ത രീതിയിൽ കോമ്പൗണ്ട് ഭിത്തി കെട്ടി മറക്കേണ്ടതാണ്.

<u>ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്</u> - ഇപ്പോൾ ജില്ലയിലെ ചിലഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ട രോഗബാധ മറ്റു പ്രദേശങ്ങളിലേക്ക് പകരില്ലെന്ന് ഉറപ്പ് വരുത്തണം. ഡെങ്കു പകരുന്നത് തടയുന്നതിനുള്ള ഉത്തരവാദിത്വം നമ്മൾക്കോരോരുത്തർക്കുമുണ്ട്. എല്ലാ വാർഡിലും ജാഗ്രത സമിതി രൂപീകരണം പൂർണ്ണമായിട്ടുണ്ടോ എന്ന് അടിയന്തരമായി വിലയിരുത്തണം. ജാഗ്രതാ സമിതിയിൽ വിവിധ മേഖലയിൽ നിന്നുള്ളവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്. ടി ആവശ്യത്തിലേക്ക് പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം. കമ്മിറ്റിയിൽ പഞ്ചായത്ത് പ്രസിഡന്റ്, പ്രധാന പ്രതിപക്ഷ പാർട്ടിയുടെ പ്രതിനിധി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എം.എൽ.എയുടെ പ്രതിനിധി, ആരോഗ്യ പ്രവർത്തകർ, സി.ഡി.എസ്. പ്രതിനിധി എന്നിവരുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്. വോളണ്ടിയേഴ്സിനെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പരാതി രഹിതമായി നിർവ്വഹിക്കപ്പെടേണ്ടതാണ്. വാർഡ് സമിതികൾ തന്നെയായിരിക്കണം പ്രതിരോധ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കേണ്ടത്.

<u>തുടർന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവൃത്തികൾ വിശദീകരിച്ചു.</u>

മൺസൂൺ സംബന്ധമായ പ്രവർത്തനങ്ങൾ 68 പഞ്ചായത്തിലും ഊർജ്ജിതമായി നടക്കുന്നു. ആയതിൽ മാപ്പിംഗ് പൂർത്തിയായത് 66 പഞ്ചായത്തുകളിലാണ്. അഞ്ചംഗ ടീമുകൾ എല്ലാ പഞ്ചായത്ത് വാർഡുകളിലും രൂപീകരിച്ചിട്ടുണ്ട് ആകെ 2488 അംഞ്ചംഗ ടീമുകൾ ഉണ്ട്. ജില്ലയിൽ 3377 സന്നദ്ധ സേനാംഗങ്ങളുണ്ട്. 2131 ഹരിത കർമ്മ സേനാംഗങ്ങൾ എല്ലാ ടീമുകളിലുമായി ഉൾപ്പെട്ടിട്ടുണ്ട്.



Scanned with CamSc

ഏറ്റെടുത്ത പ്രവർത്തികൾ

- ഡിസിൽറ്റിംങ് പ്രവർത്തികൾ 500 എണ്ണം ഏറ്റെടുത്തിട്ടുള്ളതിൽ 144 എണ്ണം പുരോഗതിയിലും 137 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതും ശേഷിക്കുന്നവ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലുമാണ്.
- ഡ്രെയിനേജ് ക്ലീനിംങ് 1121 എണ്ണത്തിൽ 247 എണ്ണം പുരോഗതിയിലും 196 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.
- മാലിന്യ നിക്ഷേപം നീക്കം ചെയ്യൽ 197 പ്രവർത്തികളിൽ 84 എണ്ണം പുരോഗതിയിലും 82 എണ്ണം പൂർത്തീകരിച്ചതുമാണ്.
- ഓട ക്ലിനിംങ് പ്രവൃത്തിയിൽ 229 എണ്ണത്തിൽ 26 എണ്ണം പുരോഗതിയിലും 73 എണ്ണം പൂർത്തീകരിച്ചിട്ടുമുണ്ട്.

മേൽ പ്രവർത്തികൾ മുഴുവൻ ജൂൺ 1 ന് മുൻപ് പൂർത്തീകരിക്കാൻ ബഹു. മന്ത്രി നിർദ്ദേശിച്ചു. ജില്ലയിൽ 45 ഡെങ്കു കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ കൂടുതൽ കേസുകൾ ഏരൂർ വില്ലേജിലാണ്. ടി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിന് അഞ്ചൽ പി.എച്ച് സിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് അറിയിച്ചു.

തുടർന്ന് സംസാരിച്ച ജില്ലാ കളക്ടർ, രോഗ വ്യാപന പ്രതിരോധ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് ആർ.ആർ.റ്റി യുടെ പ്രവർത്തനമാണെന്ന് പറഞ്ഞു. മാലിന്യം വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് റിപ്പോർട്ട് ചെയ്യേണ്ടതും കുറ്റവാളിക്കെതിരെ ജയിൽ ശിക്ഷ ഉറപ്പാക്കേണ്ടതുമാണ്. തോട്ട മേഖലകളിൽ ടാപ്പിംങ്ങുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന ചിരട്ടകളും പ്ലാസ്റ്റിക്കിന്റെ ചീളുകളും റബ്ബറിന്റെ ടയറുകളും മറ്റും കൊതുക് വളരാൻ ഇടയാകും. ആയതിനാൽ ആയവയിലെ മഴവെള്ളം കമഴ്ത്തി കളയാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതും ആഴ്ചയിൽ ഒരു ദിവസം ഡ്രൈഡേയായി ശുചീകരണ പ്രവൃത്തി നടത്തേണ്ടതുമാണ്. എല്ലാ വകുപ്പുകളും ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ഒരു നോഡൽ ഓഫീസറെ നിയോഗിച്ച് ജില്ലാ അടിയന്തര കാര്യഘട്ട നിർവ്വഹണ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. നോഡൽ ഓഫീസർ ഓരോ ദിവസവും ചെയ്ത പ്രവൃത്തിയുടെ വിവരം നിശ്ചിത മാതൃകയിൽ എല്ലാദിവസവും സമർപ്പിക്കേണ്ടതും മാസാവസാനം നിശ്ചിത



Scanned with CamSc

മാതൃകയിൽ പ്രതിമാസ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് റെയിൻ വാട്ടർ ഹാർവെസ്റ്റിംങ്, മഴക്കുഴികൾ ഉൾപ്പെടെ വാട്ടർ കൺസർവേഷൻ, വാട്ടർ ഷെഡ് മാനേജ്മെന്റ് സംവിധാനമുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ടോ എന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യമായ അനുവദനീയ മേഖലകളിൽ മഹാത്മാ ഗന്ധി തൊഴിലുറപ്പ് പദ്ധതിയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും പ്രകാരമുള്ള നടപടികൾ സ്വികരിച്ചുവെന്നും ഉറപ്പ വരുത്തണമെന്നും ചെയർമാൻ അറിയിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം ) ഡെങ്കൂവുമായി ബന്ധപ്പെട്ടും പകർച്ച വ്യാധികളെ പറ്റിയും നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

മഴക്കാല പൂർവ്വ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് ഒരോ വകുപ്പും സ്വീകരിക്കേണ്ട പൊതു നിർദ്ദേശങ്ങൾ ഹാന്റ് ബുക്ക് ഓൺ ഡിസാസ്റ്റർ മാനേജ്മെന്റ് വാല്യം 2ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിനെപ്പറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൂടിയായ എ.ഡി.എം. വിശദീകരിക്കുകയുണ്ടായി.

<u>ബഹു. ഫിഷറീസ് തുറമുഖ വകുപ്പ് മന്ത്രി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി</u>

തൊഴിലുറപ്പുകാരുമായി ബന്ധപ്പെട്ട് എല്ലാവീടുകളിലും മാലിന്യകുഴി സ്ഥാപിച്ച് ആയതിന്മേലുള്ള പൂർത്തീകരണ റിപ്പോർട്ട് ഒരാഴ്ചക്കകം സമർപ്പിക്കാൻ പഞ്ചായത്തുക്കാർക്ക് നിർദ്ദേശം നൽകി.

പൊതു റോഡുകളിൽ വെള്ളകെട്ട് ഒഴിവാക്കുന്നതിന് ഓടകൾ തുറന്ന് അവശ്യമായ നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് റോഡ്സിനും നാഷണൽ ഹൈവേക്കും നിർദ്ദേശം നൽകി.

ചെറിയ തോടുകൾ, ചെറിയ പുഴകൾ, കൈവഴികള് എന്നവയുടെ ആഴം കൂട്ടുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനും നിർദ്ദേശം നൽകി

കല്ലട ഇറിഗേഷൻ പ്രൊജക്റ്റ് ഡാമിലെ അവശിഷ്ടങ്ങൾ ഒരാഴ്ചക്കകം സർവ്വെ ചെയ്ത് റിപ്പോർട്ട് ചെയ്യുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

കൊല്ലം ജില്ലയിൽ മൊത്തം 29 വർക്കുകൾ ഉണ്ട് ആയവയുടെ ടെണ്ടർ കഴിഞ്ഞു. 18,20 തീയതികളിൽ തുടങ്ങും എന്ന് പൊതുമരാമത്ത് റോഡ്സ് അറിയിച്ചു

മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി ഓട വൃത്തിയാക്കൽ, മരം വെട്ട്, ഓട വൃത്തിയാക്കൽ, മാലിന്യം നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ ശുചിത്വമിഷനുമായി ചേർന്ന്



Scanned with CamSc

പൂർണ്ണമായും ചെയ്യുന്നതാണെന്ന് പൊതുമരാമത്ത് നാഷണൽ ഹൈവേ വിഭാഗവും അറിയിച്ചു.

പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളികളെ ഉപയോഗിച്ച് പ്ലാസ്റ്റിക് വേസ്റ്റ് നിക്കം ചെയ്യണമെന്നും. ഹൈവേയിലും സ്റ്റേറ്റ് ഹൈവേയിലും വച്ചിരിക്കുന്ന വീപ്പകളിൽ കെട്ടികിടക്കുന്ന വെള്ളം നീക്കം ചെയ്യുന്നതിന് ശ്രദ്ധിക്കണമെന്നും **എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സും നാഷണൽഹൈവേയും** നിർദ്ദേശിച്ചു. പ്രത്യേകിച്ച് ചടയമംഗലം, അഞ്ചൽ മേഖലകളിൽ.

**<u>പോർട്ട് ഓഫീസർ</u>:-** കൊല്ലം ഹാർബറിൽ എത്തിയ കാർഗോ കപ്പലിൽ നിന്നും തിരുവനനതപുരം ISRO -യിലേക്ക് സാധനങ്ങൾ കൊണ്ടു പോകുകയും ആദ്യ ട്രിപ്പ് ചെന്നതിൽ നിന്നും സാധനങ്ങൾ ഇറക്കുന്നതിന് അവിടെ പ്രശ്നമുള്ളതിനാൽ തുടർന്നുള്ള ട്രിപ്പുകൾ തടസ്സപ്പെട്ടുകയും ഹാർബറിൽ കപ്പൽ കിടക്കുകയാണെന്നും അറിയിച്ചു. കൊല്ലം പോർട്ടിൽ ഭീമമായ തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നത് കൊണ്ട് കൊല്ലം പോർട്ടിൽ കപ്പൽ അടുക്കുന്നില്ലയെന്ന് പരാതിയുള്ളതായും ആയതിനാൽ ടി വ്യവസ്ഥകളിൽ ഇളവ് അനുവദിക്കണമെന്നും തൊഴിൽ പ്രശ്നം പരിഹരിക്കാൻ തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകാമെന്നും ബഹു. മന്ത്രി അറിയിച്ചു.

കൊല്ലം കൈകുളങ്ങരയിൽ ഡെങ്കു കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് മാലിന്യം നിക്ഷേപം ഒഴിവാക്കുന്നതിന് ആപ്രദേശത്ത് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

**<u>കോർപ്പറേഷൻ സെക്രട്ടറി</u>:-** കോർപ്പറേഷനിൽ മാലിന്യം നിക്ഷേപം നീക്കം ചെയ്യാനുള്ള മാപ്പിംങ് എല്ലാ വാർഡിലും പൂർത്തിയാക്കി. ഹാർബർ, പോർട്ട്, ലിങ്ക് റോഡ് എന്നിവിടങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ ആരംഭിച്ചു. കപ്പലണ്ടി മുക്കിൽ കടകളോട് ചേർന്ന് മാലിന്യ നിക്ഷേപം ഉണ്ട്. ആയത് അടിയന്തരമായി നീക്കം ചെയ്യുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. വാർഡ് കമ്മിറ്റികൾ ചേരുന്നതിന് നിർദ്ദേശം നൽകിയതായി സെക്രട്ടറി അറിയിച്ചു.

എല്ലാ വാർഡുകളിലും ജാഗ്രതാ സമിതി ചേർന്ന് ടി വിവരം അറിയിക്കണമെന്ന് ചെയർമാൻ പറഞ്ഞു. കൂട്ടായി തീരുമാനത്തിലൂടെ വേണം തീരുമാനങ്ങൾ എടുക്കേണ്ടതെന്ന് ബഹു മന്ത്രിയും നിർദ്ദേശിച്ചു.

**<u>സെക്രട്ടറി മുനിസിപ്പൽ കോർപ്പറേഷൻ പുനലൂർ</u>:-** പുനലൂർ, വാളക്കോട്, കലയനാട് വാർഡുകളിലാണ് 4 ഡെങ്കു കേസുകൾ ഉള്ളത്. ടി വാർഡുകളിൽ ഫോഗിങ് സ്പ്രേയിങ്



Scanned with CamSc

എന്നിവ നടത്തിയിട്ടുണ്ടെന്നും വാർഡ് തല സമിതി കൂടിയിട്ടുണ്ടെന്നും അറിയിച്ചു. തോട്ടം മേഖലയായതിനാലാണ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതെന്നും അറിയിച്ചു.

തോട്ടം മേഖലയിലുള്ള തൊഴിലാളികളെ വിളിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ഡ്രൈഡേ നടപ്പാക്കേണ്ടതുമാണ് എന്നും ചെയർമാൻ നിർദ്ദേശം നൽകി. വെള്ളം കെട്ടി നിൽപ്പുള്ള ചിരട്ടകൾ മറ്റ് പാത്രങ്ങൾ എന്നിവ കമഴ്ത്തി വെള്ളം ഒഴുക്കി കളഞ്ഞ് ഇത് നടപ്പിലാക്കേണ്ടതാണ്.

<u>**സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, കൊട്ടാരക്കര:-**</u>മുനിസിപ്പലിറ്റിയിലെ 29 വാർഡുകളിൽ വാർഡ് സാനിറ്റേഷൻ കമ്മിറ്റി കൂടിയിട്ടുണ്ട്. കൊതുകൾഭവത്തിന്റെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നുണ്ടെന്ന ഉറപ്പ് വരുത്തുന്നുണ്ട്. 5000 രൂപ അലോട്ട് ചെയ്തിട്ടുണ്ട്. മാസ്ക് എല്ലാ വീട്ടുകളിലും എത്തിച്ചിട്ടുണ്ട്. തൊഴിലുറപ്പ്, കൊതുക് നശീകരണ പ്രക്രിയ എന്നിവ നടത്തിയിട്ടുണ്ട്. പൊതു സ്ഥലത്തുള്ള മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ടെന്നും ഓടകൾ വൃത്തിയാക്കുന്നതിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട് 2 ഒടകളിൽ പ്രവൃത്തി പുരോഗതിയിലാണെന്നും അറിയിച്ചു.

<u>**സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, പരവൂർ:-**</u> മുനിസിപ്പൽ കോർപ്പറേഷൻ മഴക്കാല പൂർവ്വ ശുചീകരണം നേരത്തെ ആരംഭിച്ചു. ഓടകൾ വൃത്തിയാക്കിയിട്ടുണ്ട് വെള്ളത്തിന്റെ ഒഴുക്ക് സുഗമമായിട്ടുണ്ടെന്നും ഡെങ്കു പ്രതിരോധ പ്രവൃത്തികൾ നടത്തുന്നുവെന്നുമറിയിച്ചു.

<u>**സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, കരുനാഗപള്ളി:-**</u> നാഷണൽ ഹൈവേയിലുള്ള ഓടകൾ ജില്ലാകളക്ടറുടെ നിർദ്ദേശമനുസരിച്ച് വൃത്തിയാക്കിയിട്ടുണ്ടെന്നും റോഡിന്റെ വശങ്ങളിലുള്ള ഓടകൾ വൃത്തിയാക്കേണ്ടതുണ്ടെന്നും ആയതിന് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സിന് നിർദ്ദേശം നൽകണമെന്നുമറിയിച്ചു.

സെക്രട്ടറിമാർ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് റോഡ്സ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ബന്ധപ്പെട്ട് എത്രയും വേഗം ഓടകൾ വൃത്തിയാക്കേണ്ടതും ക്ലീൻ കേരള, ശുചിത്വ മിഷനുകളുമായി ചേർന്ന് അടിയന്തരമായി പ്രവൃത്തികൾ പൂർത്തിയാക്കണമെന്നും ചെയർമാൻ നിർദ്ദേശം നൽകി.



Scanned with CamSc

**പൊതുവായ തീരുമാനങ്ങൾ**

1) **ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (സഹാദ്ധ്യക്ഷ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി) :-** എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അദ്ധ്യക്ഷൻമാരേയും വീഡിയോ കോൺഫറൻസ് വഴി വിളിച്ച് മൺസൂൺ തയ്യാറെടുപ്പ് അവലോകനം നടത്തുന്നതാണ്. തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിച്ചിട്ടുള്ള എമെർജൻസി റെസ്പോൺസ് ടീം, കോവിഡ് 19 പശ്ചാതലത്തിൽ സജ്ജീകരിക്കേണ്ട 4 പ്രത്യേക തരം ദുരിതാശ്വാസ ക്യാമ്പുകൾ, ക്യാമ്പുകൾ പരിപാലിക്കേണ്ട വിധം തുടങ്ങിയവ പ്രത്യേകമായി അവലോകന യോഗത്തിൽ ചർച്ചക്ക് വിധേയമാക്കുകയും കഴിഞ്ഞ കാലങ്ങളിൽ ആർജ്ജിച്ചെടുത്ത അനുഭവ സമ്പത്തും അറിവുകളും സൗകര്യങ്ങളും പ്രായോഗിക വൽക്കരിക്കേണ്ടത് എങ്ങനെയെന്ന് കൃത്യമായി തീരുമാനിക്കുകയും ചെയ്യേണ്ടതാണ്.

2) **ഡി.എഫ്.ഒ :-** വനമേഖലകളിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

3) **വാട്ടർ അതോറിറ്റി :-** പമ്പിംങ് തടസ്സമില്ലാതെ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അടിയന്തര അറ്റകുറ്റപ്പണികൾ തടസ്സപ്പെടാതിരിക്കാനായി കരാറുകാരുടെ ബില്ലുകളെല്ലം വേഗം പാസ്സാക്കാനുള്ള നടപടി സ്വീകരിക്കും. മൺസൂൺ കാലത്ത് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പ്രത്യേകം പരിശോധിക്കണം.

4) **ഡി.ഡി.ഇ :-** സ്കൂളുകളുടെ കാര്യത്തിൽ, അറ്റകുറ്റപ്പണി നടത്താനാവാത്ത കെട്ടിടങ്ങൾ പൊളിക്കാൻ അനുമതി നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം.

5) **ഫയർ ഫോഴ്സ് :-** എല്ലാ ഫയർ സ്റ്റേഷനിലും പ്രവർത്തന ക്ഷമമായ ഒരു അസ്കാ ലൈറ്റെങ്കിലും ഉറപ്പാക്കണം. പ്രത്യേകം ആവശ്യമായ പൊതു സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും മാത്രം ഡിസ് ഇൻഫെക്ഷൻ നടപടികൾ സ്വീകരിക്കണം. മൺസൂൺ പൂർവ്വ തയ്യാറെടുപ്പ് നടത്തണം.

6) **ആരോഗ്യ വകുപ്പ് :-** കോവിഡ് മാനേജ്മെന്റ് ആർ.ആർ.റ്റി പ്രവർത്തനത്തെ ആശ്രയിച്ചാണ്. ആയതിനാൽ ടി പ്രവർത്തനം കാര്യക്ഷമമായി നടത്തണം.

Scanned with CamSc

7) **തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ**:-മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി ഡെങ്കു പടരുന്നത് ഇല്ലാതാക്കണം ആയതിന്റെ ഭാഗമായി ഡ്രൈ ഡേ ആചരിക്കുന്നത് നിർബന്ധിതമായും നിരീക്ഷിക്കണം.

8) **പോലീസ്** :- അപകട മേഖലകളിൽ ജനങ്ങളെ ഒഴിപ്പിക്കേണ്ടത് റവന്യൂ പോലീസ് വകുപ്പുകൾ ചേർന്നാണ്. കൂടാതെ രക്ഷാ പ്രവർത്തനങ്ങളിൽ സജീവ ഇടപെടലുകൾ നടത്തേണ്ടതും പോലീസ് വകുപ്പാണ്. അസ്കാ ലൈറ്റിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതുമാണ്.

9) **റവന്യൂ** :- എല്ലാ താലൂക്ക് തഹസിൽദാർമാരും രക്ഷാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ക്രെയിൻ, ജെ.സി.ബി, ഹിറ്റാച്ചി മെഷീൻ മുതലായവയുടെ വിവരങ്ങൾ അതത് ജോയിന്റ് ആർ.റ്റി.ഒ യിൽ നിന്നും ശേഖരിച്ച് സൂക്ഷിക്കേണ്ടതും ആവശ്യമായി വരുന്ന പക്ഷം ജോയിന്റ് ആർ.ടി.ഒയുമായി ബന്ധപ്പെട്ട് അവ രക്ഷാ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ ഓറഞ്ച് ബുക്ക് വാല്യം 2 (രണ്ടാം പതിപ്പ്) 25 മേയ് 2020 ന് എല്ലാ വകുപ്പുകൾക്കും അയക്കുന്നതാണ് അതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതാണ്. പ്രത്യേകിച്ചും ദുരിതാശ്വാസ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിലും രക്ഷാ പ്രവർത്തനങ്ങൾക്ക് അസ്കാലൈറ്റ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സജ്ജമാക്കുന്നതിലും യഥാസമയം ജനങ്ങളെ ഒഴിപ്പിക്കുന്ന കാര്യത്തിലും.

ഡാമിന്റെ ജലനിരപ്പ് സസൂക്ഷ്മമായി നിരീക്ഷിച്ച് യഥാസമയം ആവശ്യമായ നടപടികൾക്കായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് റിപ്പോർട്ട് നൽകാനും കല്ലട ഇറിഗേഷൻ പ്രൊജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി

തുടർന്ന് ബഹു.ഫിഷറീസ് തുറമുഖ വകുപ്പ് മന്ത്രി ബ്രേക്ക് ദ സൈക്കിൾ ചെയിൻ ഡിജിറ്റൽ പോസ്റ്റർ റിലീസ് ചെയ്തു.

യോഗം 1.30 ന് അവസാനിച്ചു.

ഒപ്പ്/-
ചെയർമാൻ,
ജില്ലാ ദുരന്തനിവാരണ അതോറിറ്റി & ജില്ലാ കളക്ടർ

- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കൊല്ലം



Scanned with CamSc

- ജില്ലാ പോലീസ് മേധാവി, കൊല്ലം സിറ്റി / കൊല്ലം റൂറൽ
- ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം
- ജില്ലാ ഫയർ ഓഫീസർ, കൊല്ലം
- ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കൊല്ലം
- ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
- ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, കൊല്ലം
- റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊല്ലം
- സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം
- സെക്രട്ടറി, കോർപ്പറേഷൻ, കൊല്ലം
- സെക്രട്ടറി, മുനിസിപ്പാലിറ്റി, പരവൂർ / കൊട്ടാരക്കര / കരുനാഗപള്ളി / പുനലൂർ
- എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിടം /റോഡ്സ് / നാഷണൽ ഹൈവേ
- തഹസിൽദാർ, കൊല്ലം / കൊട്ടാരക്കര / പുനലൂർ / കരുനാഗപള്ളി / പത്തനാപുരം / കുന്നത്തൂർ
- എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും(ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, കൊല്ലം/ റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊല്ലം എന്നിവർ മുഖേന)

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്
(ദുരന്ത നിവാരണം)

**Proceedings of the District Collector and Chairman, District Disaster Management Authority, Kollam**
**(Present: Dr. S. Karthikeyan I.A.S)**

**No.DM3-60922/18** **Dated 07 -06-2019**

Sub: - Disaster Management-Kollam district-Formation of Incident Response System (IRS) at District level & Taluk level-Orders issued-reg

Read:- 1) Guidelines issued by the National Disaster Management Authority on Incident Response System vide ISBN: 978-93-80440-03-3 dated 10.07.2010

2) G.O. (Rt)No.280/2019/DMD dated 09/05/2019

3) Kerala State Emergency Operations Centre – Monsoon preparedness. Disaster Response Guidelines 2019

4) Minutes of DDMA meeting held on 28/05/2019

The National Disaster Management Authority(NDMA) vide paper read as 1st above had issued detailed guidelines on the implementation of Incident Response System(IRS) in India with the vision to minimize loss of life and property by strengthening and standardising the disaster response mechanism in the country. The Incident Response System (IRS) is an effective mechanism for reducing the scope for ad-hoc measures in response. It incorporates all the tasks that may be performed during DM irrespective of their level of complexity. It envisages a composite team with various Sections to attend at all the possible response requirements. The IRS identifies and designates officers to perform various duties in their respective roles. The IRS organisation functions through Incident Response Teams (IRTs) in the field. In line with the administrative structure and DM Act 2005. Responsible Officers (ROs) have already been designated at the State and District level as overall in charge of the incident response management.

As per the paper read as 2nd above. Government of Kerala ordered that all District Disaster Management Authorities in the state shall notify the Incident Response System (IRS) in the districts and taluks with the approval of the DDMA.

Accordingly a special meeting of the District Disaster Management Authority was convened on 28.05.2019 and the meeting has decided to implement the

Scanned with CamSc

Incident Response system in Kollam district and at all the 6 taluks in Kollam with the following officers at the pre designated positions in IRS.

**Incident Response System – Kollam District**

| Sl No | Position in IRS | Designated Officers |
|---|---|---|
| 1 | Responsible Officer (RO) | Chairperson, DDMA & District Collector, Kollam |
| 2 | Incident Commander (IC) | Chief Executive Officer, DDMA & Additional District Magistrate, Kollam |
| 3 | Deputy Incident Commander | Deputy Collector (RR),Kollam |
| 4 | Operations Section Chief (OSC) | Additional Superintendent of Police.(Administration) Kollam |
| 5 | Logistics Section Chief (LSC) | Regional Transport Officer, Kollam |
| 6 | Planning Section Chief (PSC) | District Fire Officer, Kollam |
| 7 | Safety Officer (SO) | District Medical Officer(H), Kollam |
| 8 | Media Officer (MO) | District Information Officer ,Kollam |
| 9 | Liaison Officer (LO) | Junior Superintendent (DM), Collectorate, Kollam |
| 10 | Information Officer (IO) | Hazard Analyst, DEOC, Kollam |

**Taluk Level – Kollam taluk**

| Sl No | Position in IRS | Designated Officers by DEOC |
|---|---|---|
| 1 | Responsible Officer (RO) | Sub Collector, Kollam |
| 2 | Incident Commander (IC) | Tahsildar, Kollam |
| 3 | Deputy Incident Commander | Additional Tahsildar, Kollam |
| 4 | Operations Section Chief (OSC) | Circle Inspector of Police, Kollam East |
| 5 | Logistics Section Chief (LSC) | Motor Vehicles Inspector, Kollam |
| 6 | Planning Section Chief (PSC) | Station Officer, Chamakkada Fire Station |
| 7 | Safety Officer (SO) | Superintendent, District Hospital, Kollam |
| 8 | Information and Media Officer | Deputy Tahsildar (HQ),Kollam |
| 9 | Liaison Officer (LO) | Deputy Tahsildar (DM),Kollam |

Scanned with CamSc

**Taluk Level – Karunagappally taluk**

| Sl No | Position in IRS | Designated Officers by DEOC, Kollam |
|---|---|---|
| 1 | Responsible Officer (RO) | Deputy Collector (RR)Kollam |
| 2 | Incident Commander (IC) | Tahsildar, Karunagappally |
| 3 | Deputy Incident Commander | Additional Tahsildar, Karunagappally |
| 4 | Operations Section Chief (OSC) | Circle Inspector of Police, Karunagappally |
| 5 | Logistics Section Chief (LSC) | Joint RTO, Karunagappally |
| 6 | Planning Section Chief (PSC) | Station Officer, Karunagappally Fire Station |
| 7 | Safety Officer (SO) | Superintendent, Taluk Hospital Karunagappally |
| 8 | Information and Media Officer | Deputy Tahsildar (HQ).Karunagappally |
| 9 | Liaison Officer (LO) | Deputy Tahsildar (DM).Karunagappally |

**Taluk Level – Punalur taluk**

| Sl No | Position in IRS | Designated Officers by SEOC |
|---|---|---|
| 1 | Responsible Officer (RO) | RDO Punalur |
| 2 | Incident Commander (IC) | Tahsildar, Punalur |
| 3 | Deputy Incident Commander | Additional Tahsildar, Punalur |
| 4 | Operations Section Chief (OSC) | Circle Inspector of Police , Punalur |
| 5 | Logistics Section Chief (LSC) | Joint RTO, Punalur |
| 6 | Planning Section Chief (PSC) | Station Officer, Punalur Fire Station |
| 7 | Safety Officer (SO) | Superintendent .Taluk Hospital, Punalur |
| 8. | Information and Media Officer | Deputy Tahsildar (HQ) Punalur |
| 9 | Liaison Officer (LO) | Deputy Tahsildar (DM) Punalur |

Scanned with CamSc

**Taluk Level – Kottarakkara taluk**

| Sl No | Position in IRS | Designated Officers by SEOC |
|---|---|---|
| 1 | Responsible Officer (RO) | Deputy Collector (Election),Kollam |
| 2 | Incident Commander (IC) | Tahsildar, Kottarakkara |
| 3 | Deputy Incident Commander | Additional Tahsildar, Kottarakkara |
| 4 | Operations Section Chief (OSC) | Circle Inspector of Police, Kottarakkara |
| 5 | Logistics Section Chief (LSC) | Joint RTO, Kottarakkara |
| 6 | Planning Section Chief (PSC) | Station Officer, Kottarakkara Fire Station |
| 7 | Safety Officer (SO) | Superintendent, Taluk Hospital, Kottarakkara |
| 8 | Information and Media Officer | Deputy Tahsildar (HQ) Kottarakkara |
| 9 | Liaison Officer (LO) | Deputy Tahsildar (DM) Kottarakkara |

**Taluk Level – Pathanapuram taluk**

| Sl No | Position in IRS | Designated Officers by SEOC |
|---|---|---|
| 1 | Responsible Officer (RO) | Deputy Collector (LA) Kollam |
| 2 | Incident Commander (IC) | Tahsildar, Pathanapuram |
| 3 | Deputy Incident Commander | Additional Tahsildar, Pathanapuram |
| 4 | Operations Section Chief (OSC) | Circle Inspector of Police, Pathanapuram |
| 5 | Logistics Section Chief (LSC) | Joint RTO, Pathanapuram |
| 6 | Planning Section Chief (PSC) | Station Officer, Pathanapuram Fire Station |
| 7 | Safety Officer (SO) | Superintendent Taluk Hospital, Pathanapuram |
| 8 | Information and Media Officer | Deputy Tahsildar (HQ) Pathanapuram |
| 9 | Liaison Officer (LO) | Deputy Tahsildar (DM) Pathanapuram |

Scanned with CamSc

**Taluk Level – Kunnathur taluk**

| Sl No | Position in IRS | Designated Officers by SEOC |
|---|---|---|
| 1 | Responsible Officer (RO) | Deputy Collector (LR),Kollam |
| 2 | Incident Commander (IC) | Tahsildar, Kunnathur |
| 3 | Deputy Incident Commander | Additional Tahsildar, Kunnathur |
| 4 | Operations Section Chief (OSC) | Circle Inspector of Police, Sasthamkotta |
| 5 | Logistics Section Chief (LSC) | Joint RTO, Kunnathur |
| 6 | Planning Section Chief (PSC) | Station Officer, Sasthamkotta Fire Station |
| 7 | Safety Officer (SO) | Superintendent,TalukHospital, Sasthamkotta |
| 8 | Information and Media Officer | Deputy Tahsildar (HQ), Sasthamkotta |
| 9 | Liaison Officer (LO) | Deputy Tahsildar (DM), Sasthamkotta |

Sd/-
Chairman, DDMA&
District Collector, Kollam

To

All the Individual Officers Concerned

Copy to The Co-Chairperson & President, District Panchayath, Kollam
-- All DDMA Members
-- DM3/Stock file/Spare

// Forwarded By Order//

Junior Superintendent ( DM)